നമ്പർ. 15874/AD A1/2/AD A 1/AD A 1

## സർക്കുലർ

വിഷയം:- മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂളുകൾ/ഡിപ്പാർട്ട്മെൻറുകൾ എന്നിവിടങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി സന്നദ്ധരായ സെക്ഷൻ ഓഫീസർമാരിൽ നിന്നും സമ്മതപത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ____________

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ താഴെ പരാമർശിച്ചിരിക്കുന്ന സ്കൂൾ / ഡിപ്പാർട്ട്മെൻറുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥലംമാറ്റ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. സന്നദ്ധരായ സെക്ഷൻ ഓഫീസർമാർ തങ്ങളുടെ സമ്മതപത്രം മേലുദ്യോഗസ്ഥൻറെ ശിപാർശയോടുകൂടി, ഈ സർക്കുലർ തീയതി മുതൽ 10 ദിവസത്തിനകം എഡി.എ1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | സ്കൂൾ / ഡിപ്പാർട്ട്മെൻറ് |
|---|---|
| 1. | സ്കൂൾ ഓഫ് ലെറ്റേഴ്സ് |
| 2. | സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് |
| 3. | സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ് |
| 4. | സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് |
| 5. | സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് |
| 6. | സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് |
| 7. | ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് & എക്സ്റ്റൻഷൻ |
| 8. | ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ്സ് സർവ്വീസസ് |

നിയമനത്തിനായി തയ്യാറാക്കുന്ന അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം, ടി പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർ തങ്ങളുടെ ഊഴം നിരസിക്കുകയാണെങ്കിൽ, പ്രസ്തുത അവസരം വിനിയോഗിച്ചതായി കണക്കാക്കപ്പെടും.

അന്തിമ പട്ടകിയിൽ നിന്നു സ്ഥലംമാറ്റം നടപ്പിലാക്കുന്നത് പ്രസ്തുത സ്കൂളുകൾ/ഡിപ്പാർട്ട്മെൻറുകളിലെ ആവശ്യകത അനുസരിച്ചായിരിക്കും. ആയതിനാൽ, സ്ഥലംമാറ്റ പട്ടികയിൽ ഇടം നേടുന്നത് സ്ഥലംമാറ്റത്തിനുള്ള അവകാശമായി കരുതാനാവില്ല.

**ഡോ .കെ. സാബുകുട്ടൻ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സെൻററുകൾ/സ്കൂളുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #1 of File 15874/AD A1/2/2019/AD A 1 Approved by REGISTRAR (i/c) on 24-May-2019 11:11 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 15874/AD A1/2/2019/AD A 1 Approved by REGISTRAR (i/c) on 24-May-2019 11:11 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## <u>സമർപ്പണം</u>

വിഷയം - മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂളുകൾ / ഡിപ്പാർട്ട്മെൻറുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനം - സന്നദ്ധത അറിയിക്കുന്നത് - സംബന്ധിച്ച്.

<table>
<tr><td>1.</td><td colspan="2">പേര്</td><td></td></tr>
<tr><td>2.</td><td colspan="2">തസ്തിക</td><td></td></tr>
<tr><td>3.</td><td colspan="2">സെക്ഷൻ</td><td></td></tr>
<tr><td>4.</td><td colspan="2">സർവ്വകലാശാല സർവ്വീസിൽ പ്രവേശിച്ച തീയതി</td><td></td></tr>
<tr><td>5.</td><td colspan="3">സർവ്വകലാശാല സ്കൂൾ/ഡിപ്പാർട്ട്മെൻറ് എന്നിവിടങ്ങളിലെ മുൻകാല സേവനം സംബന്ധിച്ച വിശദാംശങ്ങൾ</td></tr>
<tr><td rowspan="2"></td><td>ക്രമ നമ്പർ</td><td>സ്കൂൾ/ഡിപ്പാർട്ട്മെൻറ്</td><td>സേവന കാലയളവ്</td></tr>
<tr><td></td><td></td><td></td></tr>
<tr><td>6.</td><td colspan="2">സ്ഥലംമാറ്റ നിയമനം ആവശ്യപ്പെടുന്ന സ്കൂൾ / ഡിപ്പാർട്ട്മെൻറിൻറെ പേര് മുൻഗണനാ ക്രമത്തിൽ</td><td></td></tr>
</table>

## <u>സാക്ഷ്യപത്രം</u>

മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ എൻറെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പരിപത്രത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ക്രമ നമ്പർ 6-ൽ പരാമർശിച്ചിട്ടുള്ള സ്കൂൾ/ഡിപ്പാർട്ട്മെൻറിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിക്കപ്പെടുവാൻ എനിക്ക് സമ്മതമാണെന്നും, ഈ സമ്മതപത്രം അനുസരിച്ച് ലഭിക്കുന്ന സ്ഥലംമാറ്റ നിയമന ഉത്തരവ് നിരസിക്കുകയില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

സ്ഥലം : പേര് :

തീയതി : മൊബൈൽ നം.: